
# ഡിജിറ്റൽ സ്റ്റാർസ്

ലിറ്റിൽകൈറ്റ്സ് ഡിജിറ്റൽ മാഗസിൻ 2019



ഡി.കൃഷ്ണൻപോറ്റി മെമ്മോറിയൽ ഹൈസ്കൂൾ കോട്ടവട്ടം










*"Education is the basic tool for the development of conciousness and the reconstitution of the society"*



# സന്ദേശം



എന്റെ വിദ്യാലയത്തിലെ സമർത്ഥരായ ഒരു കൂട്ടം വിദ്യാർത്ഥികളുടെ ശ്രമഫലമായി ഉടലെടുത്ത ലിറ്റിൽകൈറ്റ്സ് സെക്കന്റ് ബാച്ചിന്റെ ഈ ഡിജിറ്റൽ മാഗസിന് (ഡിജിറ്റൽ സ്റ്റാർസ് )എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു. ഇതിലെ വിഭവങ്ങൾ എല്ലാം തന്നെ ചിന്തോദ്ദീപകവും ലളിതവുമാണ്.

ഗിരീഷ്.എം
ഹെഡ് മാസ്റ്റർ
**ഡി.കെ.എം.എച്ച്.എസ്സ്. കോട്ടവട്ടം**




# എഡിറ്റോറിയൽ



പൊതുസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ  രൂപീകരിച്ച ലിറ്റിൽകൈറ്റ്സ് , കുട്ടികളുടെ പഠന പ്രവർത്തനത്തിൽ വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി അവരിലെ സർഗ്ഗശേഷി പരിപോഷിപ്പിക്കുന്നതിനും അവ സമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിനും ഉള്ള ധാരാളം അവസരങ്ങൾ നൽകുന്നു.  മൗസ് മുനയിൽ അക്ഷരമെഴുതാനും പടം വരയ്ക്കാനും  ഞങ്ങളെ പഠിപ്പിച്ചു. കാലത്തിനൊപ്പവും അതിനു മുമ്പേയും നടക്കാൻ ഞങ്ങളെ പ്രാപ്തരാക്കുന്ന പുതിയ വിദ്യയുടെ ഈ ലോകത്തിൽ ഡി.കൃഷ്ണൻപോറ്റി മെമ്മോറിയൽ ഹൈസ്കൂളിലെ ലിറ്റിൽകൈറ്റ്സ് സെക്കന്റ് ബാച്ചിലെവിദ്യാർത്ഥികൾ തയ്യാറാക്കിയ ഡിജിറ്റൽ സ്റ്റാർസ് എന്ന ഇ-മാഗസിൻ സവിനയം സമർപ്പിക്കുന്നു.

**എഡിറ്റർ**

**ജിൽബി രാജു**



# ഡിജിറ്റൽ സ്റ്റാർസിനു പിന്നിൽ

## എഡിറ്റർ : ജിൽബി രാജു

## എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

1. അശ്വതി.എം.എസ്
2. ആദിത്യ ഗോപൻ
3. ശിവപ്രിയ.പി
4. മനിജ.എം.ആർ
5. വൈഷ്ണവി.എം .ഡി
6. ഫേബ.ജി
7. വന്ദന.എസ്.കുമാർ
8. ജെസ്ന ജിജി



വിദ്യാലയം ഞങ്ങൾക്ക് വെളിച്ചത്തിന്റെ കൂടാരമാണ്. പ്രകാശത്തിന്റെ പുതിയ വലിയ വലയങ്ങൾ ഞങ്ങളെ ചൂഴ് ന്നു നിൽക്കുന്നു. കാലത്തിനോട് ഞങ്ങൾക്ക് ഭയമില്ല. ഞങ്ങൾക്ക് കൗതുകമാണ്. ആ കൗതുകങ്ങളും വീക്ഷണങ്ങളും ഞങ്ങൾ പഠിച്ച വിദ്യയിലൂടെ ഞങ്ങൾ തന്നെ തയ്യാറാക്കി സവിനയം സമർപ്പിക്കുന്നു സ്വീകരിച്ചാലും.

# ഇതളുകൾ മറിയുമ്പോൾ


1. ലിറ്റിൽകൈറ്റ്സ് ഐ.റ്റി ക്ലബ് 2019-20 ചിത്രങ്ങളിലൂടെ...............8
2. സ്കൂൾതല ക്യാമ്പ്.................. ...............................................................9
3. സോഷ്യൽമീഡിയ ...............................................................................10
4. School Facilities LittleKites.......................................................11
5. കദളീവനം ..................................................... ...........................12
6. ദീപാർപ്പണം........................................................................................13
7. കമ്പ്യൂട്ടർ ......................................................................................14
8. Funny Products............................................ ..................................15
9. ഒരിക്കൽക്കൂടി.....................................................................................16
10. വിദ്യാലയം..........................................................................................17
11. ലഹരിവർജനം....................................................................................18
12. മരം.......................................................................................................19
13. മനുഷ്യനും മണ്ണിനും വേണ്ടി.........................................................20
14. ജീവിതവിജത്തിന് ആറ് സൂത്രവാക്യങ്ങൾ.........................................21
15. ദാഹജലം...........................................................................................22
16. ഒന്നാമനാവാൻ...................................................................................23
17. ബാലവേല ഒരു വിചിന്തനം..............................................................24
18. വിദ്യാലയം..........................................................................................25
20. കൊച്ചുകിളി.................................................................27
21. കടങ്കഥകൾ.................................................................28
22. കുട്ടിത്തം .................................................................29

23. എന്റെ വിദ്യാലയം.....................................................30

24. മധ്യമാർഗം...........................................................31

25.ശാസ്ത്രം രക്ഷകനോ? അതോ ശിക്ഷകനോ?...........................32

26. മൗനം കനക്കുമ്പോൾ...................................................33

27. സോക്രട്ടീസും ഭാര്യയും..............................................34

28. ശാന്തിപർവ്വം........................................................35

28. എന്റെ പ്രണയം.....................................................36

30. എന്തിനായ്...........................................................37

31. മഹത് വചനങ്ങൾ.....................................................38

32. പലചോദ്യങ്ങൾ ഒരുത്തരം.............................................39

33. Friendship...........................................................40

34. സ്മരണ...............................................................41

35. കുസൃതിചോദ്യങ്ങൾ...................................................42

36. കാക്ക................................................................43

37. കടങ്കഥകൾ............................................................44

38. ഒറ്റവരിക്കഥകൾ......................................................45

39. നെല്ലിക്കാ ജാം......................................................46

40. കാത്തിരിപ്പ്...........................................................47

41. മഞ്ഞുതുള്ളി..........................................................48

42. നിദ്ര..................................................................49

43. ഡിജിറ്റൽ അത്തപ്പൂക്കളങ്ങൾ.......................................50

# ലിറ്റിൽകൈറ്റ്സ് ഐ.റ്റി ക്ലബ് 2019-20 ചിത്രങ്ങളിലൂടെ







# സ്കൂൾതല ക്യാമ്പ്




File Edit Title View Help
Project Files
Video Preview
Show All Video Audio Image
Transitions
Effects
Track 4
Track 3
Track 2










9

# ***സോഷ്യൽ മീഡിയ***

***സോഷ്യൽ മീഡിയയെ പുതുമാധ്യമം എന്നും സാമൂഹിക മാധ്യമം എന്നും അറിയപ്പെടുന്നു. ശബ്ദവും ദൃശ്യവും ഉൾപ്പെടുന്ന എല്ലാവിധ മാധ്യമ സാങ്കേതങ്ങളും ഇതിൽ ലഭ്യമാകുന്നു. സോഷ്യൽ മീഡിയയുടെ ഓപ്പറേഷൻ മൊബൈൽ ഫോൺ വഴിയാണ്. വിദ്യാഭ്യാസരംഗത്ത് സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകൾ സൃഷ്ടിക്കുന്ന അപചയം ഗുരുതരമാണ്.***




***സ്കൂൾ കുട്ടികൾ പോലും ഫേസ്ബുക്ക് സംസ്കാരത്തിന്റ അടിമകളാകുന്നു. ഇതിന്റ നന്മയും തിന്മയും വിശകലനം ചെയ്ത് വ്യാപകമായ ബോധനം നൽ കേണ്ടത് ആവശ്യമാണ്. മൊബൈൽഫോൺ ഇപ്പോൾ ഒരു ഫാഷനായി മാറുന്നുണ്ട്. എത്ര പാവപ്പെട്ട വീട്ടലെ കുട്ടികളായാലും അവരുടെ കൈയിൽ വിലകൂടിയ മൊബൈൽ ഫോണുകൾ ഉണ്ടാകും.ഇത് മൂലം അവരുടെ വിദ്യാഭാസം മുടങ്ങുന്നു.***

***ASWATHY***

***9 A***

ലിറ്റിൽകൈറ്റ്സ് 2019

# SCHOOL FACILITIES

## LITTLE KITES

2017-18 അധ്യയന വർഷം കേരളാ ഇൻഫ്രാസ്ടക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ അംഗീകാരത്തോടെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് നമ്മുടെ സ്കൂളിൽ ആരംഭിച്ചു. ഇതിലെ രണ്ടാമത്തെ ബാച്ചാണ് ഞങ്ങൾ.ഇതിൽ അംഗമായ വിദ്യാർഥികൾക്ക് വൈവിദ്യമാർന്ന പരിശീലനപ്രവർത്തനങ്ങളിലൂടെ കടന്നു പോകാനുള്ള അവസരം ലഭിച്ചു.**GRAPHICS AND ANIMATION, SCRATCH PROGRAMING, PYTHON PROGRAMING ,MOBILE APP** നിർമാണം **,ROBOTICS,ELECTRONICS & HARDWARE, MALAYALAM COMPUTING ,DESKTOP PUBLISHING,INTERNET AND CYBER SECUIRITY** എന്നിങ്ങനെ വിവിധ മേഖലകളാണ് യൂണിറ്റ് തല പരീശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.ഇതിൽ മികവ് പുലർത്തിയ കുട്ടികൾക്ക് സബ് ജില്ലാതല ക്യാമ്പുകളിൽ ഉയർന്ന പരിശീലനം ലഭിച്ചു യൂണിറ്റ് തല  പരീശീലനം എല്ലാ ബുധനാഴ്ച്ചകളിലും സ്കൂളുകളിൽ നടത്തിവരുന്നു ക്കുടാതകുട്ടികളുടെസ്വർഗ്ഗാത്മകത പ്രയോജനപ്പെടുത്തി ലിറ്റിൽകൈറ്റ്സ്അംഗങ്ങൾ സ്കൂളിന്റെ ഇ- മാഗസിൻ തയ്യാറാക്കി.

## *SMART CLASSROOM*

സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന  ഹൈടെക് പദ്ധതിയുടെ ഭാഗമായി ജില്ലാപഞ്ചായത്തിന്റെ സഹായത്തോടെ ഹൈസ്കൂൾ വിഭാഗത്തിലെ  എല്ലാ ക്ലാസ് മുറികളിലും



***LAPTOP ,PROJECTOR,SMARTBOARD ,SOUNDSYSTEM, INTERNET CONNECTION*** എന്നിവ ലഭ്യമായതിനാൽ എല്ലാ അദ്ധ്യാപകർക്കും ഇവയുടെ സഹായത്തോടെ  മികച്ച രീതിയിൽ അദ്ധ്യായനം നടത്തുന്നതിന് സാധിക്കുന്നു

*ADITHYA ,ASWATHY  A   9A*

# കദളീവനം

പച്ചക്കദളിക്കുലകൾക്കിടയ്ക്കിടെ
മെച്ചത്തിൽ നന്നായ് പഴുത്തപഴങ്ങളും
ഉച്ചത്തിലങ്ങനെ കണ്ടാൽ പവിഴവും
പച്ചരത്നക്കല്ലുമൊന്നിച്ചുകോരത്തുള്ള
മാലകൽ കൊണ്ടു വതാനിച്ചദിക്കെന്നു.
മാലോകെരാക്കെയും ശങ്കിക്കുമാരുല്ല
ലീലാവിലാസേ നില്ക്കുന്നു വാഴകൾ
നാലുഭാഗങ്ങലിൽ തിങ്ങിവിങ്ങിത്തദാ
ബാലാനിലൻ വന്നു തട്ടുന്ന നേരത്ത
കോലാഹലം നൃത്തമാടും ദലങ്ങളും
താഴത്തു ഭാഗത്തു വീണു കിടക്കുന്ന
വാഴപ്പഴം കൊണ്ടു മൂടീമഹീതലം
പാഴറ്റ പട്ടു വിരിച്ച കണക്കിനെ
വാഴയ്ക്കു ചുറ്റും പ്രകാശമുണ്ടെപ്പൊഴും
വാവലും കാക്കയും പച്ചക്കിളികളും-
പ്രാവും പരുന്തും പരന്നു നടക്കുന്നു
പക്കികൾ വന്നിപ്പഴുത്ത പഴങ്ങളെരില്ല
ഭക്ഷിക്കുമാ പേടികൊണ്ടാരുമേ

അനീറ്റ തോമസ്സ്
9 A

# ദീപാർപ്പണം

കുമാരനാശാൻ

ഭാവബന്ധമൊട്ടു സത്യരൂപനാം,
ദേവ,നിന്മഹിമയാർന്ന കോവിലിൽ
പാവനപ്രഭയെഴും വിളക്കിതാ
സാവധാനമചിയിൽ കൊളുത്തിനേൻ.

അല്പമെങ്കിലുമതിൻ പ്രഭാകരം
സൽപ്പതേ, യിരുൾ തുരന്നു മെല്ലവേ
ശില്പരമ്യപദപീഠഭൂവിൽനി-
ന്നൽപതിച്ചു തിരുമെയ്യിലെത്തണേ

സ്ഥേമയാർന്ന മണിഭൂഷണത്തിലും
ത്തുമനോജ്ഞമലർമാലതന്നിലും
ഹേമവിഗ്രഹമരീചി തേടുമി-
ക്കോമളപ്രഭ തിളങ്ങണേ വിഭോ

മാറ്റി നിന്മുഖരസം മറച്ചിതിൽ
പോറ്റി, പുല്കരുതു ധൂമരേഖകൾ
മാറ്റിയന്ന മണിവാതിലൂടെഴും
കാറ്റിലാടരുതിതിൻ ശിഖാഞ്ചലം.

ചീർത്തിതീന്നൊളി തെളിഞ്ഞു പൊങ്ങി നെയ്
വാർത്തടായ്കിലുമെരിഞ്ഞു മേലുക്ക
മേർത്തിതീശ, മിഴിയഞ്ചിടുന്ന നിൻ-
മൂർത്തി മുൻപു നിഴൽ നില്ക്കണേ

അനു ബാബു

9B

# കമ്പ്യൂട്ടർ



ആധുനികലോകത്തിൽ മനുഷ്യമനസ്സിനെ സ്വാധീനിച്ചിട്ടുള്ള ഏറ്റവും വലിയ ശാസ്ത്രീയ കണ്ടുപിടിത്തമാണ് കമ്പ്യൂട്ടർ.വ്യവസായിക മേഖല,തൊഴിൽമേഖല,വാർത്താമാധ്യമമേഖല,വിദ്യാഭ്യാസരംഗം,ചികിൽസാരംഗം,കായികരംഗം എന്നിങ്ങനെ കമ്പ്യൂട്ടറിന്റെ ആവശ്യം വളരെ വലുതായി മാറിയിരിക്കുന്നു.ഈ ഇരുപതൊന്നാം നൂറ്റാണ്ടിൽ ദ്രുതഗതിയിലുള്ള കമ്പ്യൂട്ടർ വിപ്ലവം തന്നെ നടന്നുകൊണ്ടിരിക്കുന്നു.കമ്പ്യൂട്ടർ എന്നാൽ ആദ്യം പലരുടെയും മനസ്സിൽ എല്ലാം ചെയ്തുകൊടുക്കുന്ന ഒരു യാന്ത്രമനുഷ്യനെന്നായിരുന്നു സങ്കൽപ്പം പക്ഷെ അതല്ല കമ്പ്യൂട്ടർ.കമ്പ്യൂട്ടർ എന്നാൽ  നാം ലഭ്യമാക്കുന്ന വിവരങ്ങൾ സ്വീകരിക്കുകയും ഓർമ്മയിൽ സൂക്ഷിച്ചിട്ടുള്ള ഒരു പ്രോഗ്രാമനുസരിച്ച് അവയെ മാറ്റുകയും ചെയ്യുന്ന ഒരു ഇലക്ട്രോണിക് യാന്ത്രമാണ്.

കമ്പ്യൂട്ടറിനെ പൊതുവെ മൂന്ന് തരമായി തിരിച്ചിരിക്കുന്നു.ഡിജിറ്റൽ,അനലോഗ്,ഹൈബ്രിഡ്,എന്നിങ്ങനെ.കമ്പ്യൂട്ടറിന്റെ പ്രധാന പ്രവർത്തനം 5 ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ്.ഇൻ-പുട്ട്,മെമ്മറി,അങ്കഗണിത യൂണിറ്റ്,ഔട്ട്പുട്ട്,നിയന്ത്രണയൂണിറ്റ് എന്നിവയാണവ.കമ്പ്യൂട്ടറിലെ ഇലക്ട്രോണിക് ഘടകങ്ങളും മെക്കാനിക്കൽ ഭാഗങ്ങളും മെമ്മറിയും ഇൻപുട്ട്-ഔട്ട്പുട്ട് എന്നിവയും ചേർന്നതാണ് ഹാർഡ് വെയർ.കമ്പ്യൂട്ടറിൽ നൽകുന്ന പ്രോഗ്രാമിനെയാണ് സോഫ്റ്റ് വെയർ എന്നു പറയുന്നത്.

ജിൽബി രാജു
9A

# Funny product

1.polonium+phosphorous+cobalt+radon=po+p+co+rn=popcorn

2. lithium+bromine+argon+yrium=li+br+ar+y=library

3.chlorine+osmium+europium+phosphorus+sulpher=cl+os+eu+P=closeup

4.boron+oxygen+oxygen+pottasium+sulpher=b+o+o+k+s=books

5.molybdenum+oxygen+nitrogen=m+o+o+n=moon

6.rhenium+aluminum=re+al=real

ADITHYA
9A

# ഒരിക്കൽക്കൂടി

കരയാൻ മറന്നു പോയ്
മൗനംനടിക്കുന്ന കണ്ണീർകണങ്ങളും
ഈറനണിഞ്ഞ മേഘചീളുകളും
അറിയാതെയെന്നോ വിരഹിണിയായി

കാണാത്ത കാഴ്ചകൾ കണ്ടു തുടങ്ങി
പറയാതെ പറഞ്ഞ അറിയുന്ന സത്യം
കറുപ്പുപോലും നിസഹായയായ്
വൻമലയെ മാറോടണച്ചു

സത്യം കയ്പാണെന്നാരോ പറഞ്ഞു
ദീപനാളങ്ങൾ കരയാതിരിക്കാൻ
അലറി വരുന്ന കാറ്റുപോലും
വെളിച്ചത്തെ മായ്ക്കാതെമാറിനിന്നു.

അക്സ റ്റൈറ്റസ്



# വിദ്യാലയം

ജപ്പാനിലെ ഒരു മലമുകളിൽ സ്കൂൾ നടത്തുകയായിരുന്ന ഹാരുകി എന്ന അധ്യാപകൻ. കച്ചവടം ചെയ്ത് പണം വരാൻ തുടങ്ങിയതോടെ ഗ്രാമത്തിലുളളവർ പട്ടണത്തിലുളള വലിയ സ്കൂളിൽ കുട്ടികളെ ചേർത്തു പതുക്കെപ്പതുക്കെ ഹാരുകിയുടെ സ്കൂളിൽ ആരും വരാതായി.

പക്ഷേ, ഹാരുകി എന്നും വന്ന് സ്കൂൾ വൃത്തിയാക്കും കുട്ടികൾക്ക് ഭക്ഷണം കഴിക്കാനുളള പാത്രങ്ങൾ വരെ കഴുകിത്തുടച്ചുവെക്കും! ''ആരും വരാത്ത സ്കൂൾ ഇടിച്ചുകളഞ്ഞ് ആ കല്ലും മരവുംകൊണ്ട് പട്ടണത്തിൽ ഒരു കട പണിയരുതോ? നല്ല പണം വരും'' .നാട്ടുകാർ ഹാരുകിയോട് ചോദിക്കും .

മറുപടിയായി ഹാരുകിയൊന്നു പുഞ്ചിരിക്കുക മാത്രം ചെയ്യു. ഒരിക്കൽ വലിയ മഴ പെയ്തു. താഴെയുളള പുഴ നിറഞ്ഞൊഴുകി. പതുക്കെപ്പതുക്കെ ഗ്രാമത്തിലെ വീടുകളിലും വെളളം കയറി. ഹാരുകി ജനങ്ങളോട് പറഞ്ഞു: ''മലമുകളിലേക്ക് വന്നോളൂ''.

ആളുകൾ മലമുകളിലെ സ്കൂളിലേക്ക് ചെന്നു അവിടെയതാ ഭക്ഷണം പാകം ചെയ്യാനുളള പാത്രങ്ങളും കിടക്കാൻ വിരിപ്പുകളും എല്ലാം ഭംഗിയായി ഒരുക്കിവച്ചിരിക്കുന്നു !

ആളുകൾ നന്ദിയോടെ ഹാരുകിയെ നോക്കി. ''ഒരു പ്രയോജനവുമില്ലാതെയാതൊന്നും ഈ ഭൂമിയിലില്ല. പിന്നെയല്ലേ ഒരു സ്കൂൾ ....!''

ഹാരുകി പറഞ്ഞത് എല്ലാവരും തലകുലുക്കി സമ്മതിച്ചു.

മേഘ ഫിലിപ്പ് 9 A

# ലഹരി വർജനം

**ആരോഗ്യത്തിനും**
**ജീവനും ഭീഷണി**
**യായ ലഹരി വസ്തു**
**ക്കൾ ഉപയോഗിക്കാ**
**തിരിക്കുക.**

**ആരോഗ്യത്തിന്**
**ദോഷമായ**
**ലഹരിവസതു**
**ക്കൾ ഉപയോഗിക്കാതിരി**
**ക്കുക**

**ആരോഗ്യത്തിനും**
**ജീവനും ഭീഷണി**
**യായ ലഹരി വസ്തു**
**ക്കൾ ഉപയോഗിക്കാ**
**തിരിക്കുക.**

**വൈഷ്ണവി.എം.ഡി**
**9A**

# <u>മരം</u>



ചിറകൊടിഞ്ഞ  മരം
ഒരു  സ്വപ്നക്കൂട്
അത്  വസന്തത്തെ
സ്വപ്നം  കാണുന്നു
വർണങ്ങളിലേക്ക്
ചിറക്  വീശാൻ
കൊതിച്ച്
കാത്ത്
കാത്തിരിക്കുമ്പോൾ
അതാ
പക്ഷികളെല്ലാം  പറന്നു
പോയല്ലോ
ഓർമകൾ
നെഞ്ചോട് ചേർത്ത്
ചിറകടിയൊച്ച  കാതോർത്ത്
ചിറകൊടിഞ്ഞ  മരങ്ങൾ

മനിജ എം ആർ
9A

# മണ്ണിനും മനുഷ്യനും വേണ്ടി



മനുഷ്യന്റെ ഏറ്റവും പ്രാഥമികമായ ആവശ്യങ്ങൾ മൂന്നാണ്-പ്രാണവായു,വെള്ളം,ഭക്ഷണം.ഇവയെല്ലാം നമ്മുടെ ചുറ്റുപാടിലെ മണ്ണിനെ ആശ്രയിച്ചിരിക്കുന്നു.മണ്ണിനും ജലത്തിനും ശുദ്ധവായുവിനും പ്രാധാന്യം നൽകാത്ത വികസനമാണ് ഇന്ന് നടക്കുന്നത്.മണ്ണിനെ നാം ശ്വാസംമുട്ടിച്ചു കൊല്ലുന്നു.കോൺക്രീറ്റ് മിനുക്കുന്നതാണ് നാടിന്റെ പരിഷ്കാരമെന്നു വിചാരിച്ചു പണത്തിനു പിറകെ പായുന്നു.മണ്ണ് ജീവനാണ്,കോടാനുകോടി ജീവികളുടെ ആവാസസ്ഥാനമാണ്.മണ്ണിന്റെ ആരോഗ്യമാണ് മനുഷ്യനും ആരോഗ്യം പ്രദാനം നൽകുന്നത്.മണ്ണിനെക്കുറിച്ച് പഠിക്കാതെ നമുക്കിനി ഒരിഞ്ച് മുന്നോട്ടു പോകാൻ കഴിയില്ല.മണ്ണിനോട് ചേർന്നുനിൽക്കുന്നതിന്റെ ആഹ്ലാദം നമ്മുടെ കുഞ്ഞുങ്ങളെ ബോധ്യപ്പെടുത്തണം.

ജെസ്സ ജിജി

**9.A**

## ജീവിത വിജയത്തിന് ആറ് സൂത്രവാക്യങ്ങൾ

1. ചിരിക്കാൻ സമയം കണ്ടെത്തുക
2. ചിന്തിക്കാൻ സമയം കണ്ടെത്തുക
3. കളിക്കാൻ സമയം കണ്ടെത്തുക
4. പഠിക്കാൻ സമയം കണ്ടെത്തുക
5. സുഹൃത്ത് ബന്ധത്തിന് സമയം കണ്ടെത്തുക
6. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും സമയം കണ്ടെത്തുക

**വൈഷ്ണവി.എം.ഡി**

**9A**

# ദാഹജലം

വെട്ടിത്തിളയ്ക്കുന്ന വെള്ളമുള്ളോരു മൺ
ചട്ടിപോൽ ഭൂമി കുട്ടുത്തുനിൽക്കെ
ഉഗ്രമാം വേനലിൽ തണ്ണീരുകിട്ടാതെ
പക്ഷികൾ പാരിൽ കുഴഞ്ഞിടുന്നു.
ശുദ്ധമാം വെള്ളം നിറച്ചോരു വൻകലം
വയ്ക്കുന്ന മാവിൻ തണലിലമ്മ....!
ചിക്കെന്നെടുത്തെത്തിയെങ്ങുനിന്നോ നൂറ്
കൊക്കുകൾ, കാക്ക, യിലക്കിളികൾ...
വെള്ള , കറുപ്പ് , മുതിർന്നോർ കുരുന്നുകൾ
എല്ലാവരും ചേർന്നോരുമയോടെ
വെള്ളം കുടിച്ചു പറക്കെയെന്നമ്മതൻ
ഉള്ളത്തിലാഹ്ലാദ നീർതുളുമ്പി !

സൂര്യ സുനിൽ
9A

# ഒന്നാമനാവാൻ

ഒന്നാമനാവാൻ എന്തുവണം?
രണ്ടാമനേക്കാൾ മുന്നേറണം
രണ്ടാമനേക്കാൾ  മുന്നേറുവാൻ
മിണ്ടാതിരിക്കാത്ത തണ്ടുവേണം
ആ തണ്ട് മൂന്നാമൻ മണ്ടനേപ്പോൽ
തല്ലുകൊള്ളിത്തണ്ടെന്നാകരുത്.
നന്മയും തിന്മയും കണ്ടീടുവാനുള്ള
ജീവിതപ്പാതതന്നായുതണ്ട്.

# ചെമ്പരത്തി

ചെമ്പരത്തി
ചെമ്പരത്തി
ആരു തന്നു ചുവപ്പ നിറം
നീ ചുവക്കാൻ
ദേഷ്യമാണോ കാരണം ?
തല്ലുകൊണ്ടു കരയുമ്പോൾ
എൻ മുഖവും ചുവക്കുമെന്ന്
അമ്മചൊല്ലാറുണ്ട്
നിൻ തലയിൽ നൃത്തമാടും
ശലഭത്തെ നീ കണ്ടോ?
ചെമ്പരത്തി
എനിക്ക് തരുമോ
നിന്റെ ചുവന്ന കുപ്പായം.

സൂര്യ സുനിൽ
**9A**

# ബാലവേല _ ഒരു വിചിന്തനം



ജൂൺ 12,ലോക ബാലവേലവിരുദ്ധദിനമാണ്. കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസത്തെ തടസ്സപ്പെടുത്തുന്നതും വിദ്യാഭ്യാസം,വിനോദം,വിശ്രമം,സന്തോഷപ്രദമായ കുടുംബാന്തരീക്ഷത്തിൽ വളരാനുള്ള അവസരം തുടങ്ങിയ ബാലാവകാശങ്ങൾ പൂർണമായി ലംഘിക്കുന്നതുമായ സാമൂഹികവിപത്താണ് ബാലവേല.കുട്ടികളെകോണ്ട് തൊഴിലെടുപ്പിക്കുന്നതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് സമൂഹത്തെ ബോധവത്കരിക്കുന്നതിന് ലക്ഷ്യമിട്ടാണ് 2002 മുതൽ അന്താരാഷ്ട്ര തൊഴിൽസംഘടന ജൂൺ 12,ലോകബാലവേലവിരുദ്ധദിനമായി ആചരിക്കുന്നത്.

കൃഷി,വ്യവസായം,മത്സ്യബന്ധനം,ഖനികൾ തുടങ്ങിയ സമസ്ത മേഖലകളിലെയും ഉത്പാദനം,വിതരണം,കയറ്റുമതി,ഇറക്കുമതി എന്നിവയുമായി ബന്ധപ്പെട്ട ബാലവേല തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കണമെന്ന് ഈ സന്ദേശത്തിലൂടെ ഐ.എൽ.ഒ.ലോകരാഷ്ട്രങ്ങളെ ഓർമിപ്പിക്കുന്നു.........

**ജെസ്സ ജിജി**

**9.A**

# വിദ്യാലയം



*ഗുരുവിൻ വാക്കുകൾ കേൾക്കാനും*
*വിദ്യകൾ പലതും അറിയാനും*
*ചെറു ചെറു പൂമ്പാറ്റകളായ് ഞങ്ങൾ*
*വിദ്യതൻ അറിവു പകർത്തുന്നു*
*ഗുരുതൻ പാഠമെടുക്കുന്നു*
*കഥകൾപലതായ് പറയുന്നു*
*വിദ്യാലയം ഒരു പൂവാടി*
*ഞങ്ങൾക്കെന്നും മലർവാടി*
*കളിയും ചിരിയും രസങ്ങളുമെല്ലാം*
*ചേർന്നു വരുന്നൊരു പൂവാടി*

*ആദിത്യ ഗോപൻ*

*9 A*

## സ്വപ്നം

രാത്രിയുടെ നിഴലിൽ ഒരു മയിൽപ്പീലിയായി
എന്നെ തഴുകി ആരോ......
ഏകാന്തത ഒരു ഇളം തണുപ്പായെന്നെ
പതിയെ തൊട്ടുണർത്തി......
ഒരു ജാലകം താനെ തുറന്നപ്പോലെ
അങ്ങു ദൂരെ നിലാവിൻ നീലവെളിച്ചത്തിൽ
ആരോ കൺചിമ്മി കാണച്ചു.....
മഴവില്ലിൻ ഏഴുനിറങ്ങളും ഞാനെൻ
കിനാവിലൂടെ തൊട്ടറിഞ്ഞു .....
ഒരു സ്വപ്ന ജാലകത്തിനരികിലായി ഞാൻ
മൺകുടാരം പണിഞ്ഞെന്ന്......

മേഘ ഫിലിപ്പ്

9:A

## ആനച്ചേല്

കാട്ടുക്കുറുമ്പൻ കരിതടിമാടൻ

കൊമ്പുകുലുക്കി വരുന്നുണ്ടേ...

തൂണിൻ കാലും മുറമാം ചെവിയും

മൂക്കോ വമ്പനാണെന്റെയ്യോ.....?

ഓലയും കാട്ടി നടന്നീടുമിവനൊരു

നാട്ടാന......!

അമൃത എസ് രാജീവ്

**9 A**

## തിരിച്ചറിവ്

പച്ചപ്പട്ടു പുതച്ചു നിൽക്കും

കേരളം ഇന്ന്,

കെട്ടിടങ്ങൾ ഉയർന്നു നിൽക്കും

പുരോഗമന കേരളം

കൊയ്ത്തുപാട്ടിന്റെ നാട് ഇന്ന്,

യന്ത്രക്കോപ്പും ഫാക്ടറികളും

നിറഞ്ഞു വാഴും കേരളം

കാരുണ്യത്തിൻ പൊയ്മുഖമണിയും

മാന്യന്മാരുടെ കേരളം

ചതിയും കൊലയും നിറഞ്ഞു നിൽക്കും

ചതിയന്മാരുടെ കേരളം

മതസൗഹാർദ്ദം മുദ്രാവാക്യം

ഉയർന്നു കേൾക്കും നാട്

ജാതിപ്പോരിൽ ജീവൻ കളയും

ഭ്രാന്തന്മാരുടെ നാട്

ഇന്ന് പ്രകൃതിയില്ലാ

ഗാനമില്ല

വീർപ്പുമുട്ടും നാട്

ഗംഗ അശോക്

**9A**

# കൊച്ചുകിളി

കുമാരനാശാൻ

ചൊല്ലുകെന്തു ചെറുപക്ഷി നീ കളി-
ച്ചുല്ലസിപ്പതിതുപോലെയെപ്പോഴും
അല്ലൽ നീയറികയില്ലയോ? നിന-
ക്കില്ലയോ പറകെഴുത്തുപള്ളിയും?

കൊച്ചുശാഖകളിലാഞ്ഞിരിപ്പതും
പിച്ചിയന്നപടി പാടിടുന്നതും
ഇച്ഛപോലുയരെ നീ പറപ്പതും
മെച്ചമിന്നിവയെനിക്കു കൂടുമോ?

കാലുയറ്ത്തിയയി, കാറ്റിലാടുമൂ-
ഞ്ഞാലിൽമേവി രസമേലുമെത്ര ഞാൻ
നീലവിൺവഴി പറന്നെഴും സുഖം
ലോലമെയ്യിതിൽ നിനക്കൊതുങ്ങുമോ?

ചിത്രമിങ്ങു, പുഴു കിന്നിവറ്റ തെ
ല്ലത്തലെന്നി കിലി, നീ കടപ്പതും
എത്തി വന്മുതലമേലുമാനതൻ-
മസ്തകത്തിലുമിരുന്നിടുന്നതും

ചേണിയലന്ന ചിറകാർന്നൊരോമന-
പ്രാണി, നിൻതടവകന്ന ലീലകൾ
കാണകിൽകൊതിവരും- പഠിക്കുവാൻ
പോണം- കൊച്ചുതിളിയായതില്ല ഞാൻ

ശിവാനി .എം .എസ്

*9 B*

# കടങ്കഥകൾ

1. ഓടിനടക്കും തീപ്പന്തം ?

ഉ. മന്നാമിന്നുങ്ങ്.

2. കാള കിടക്കും കയറോട്ടും?

ഉ. മത്തങ്ങ.

3.ചട്ടിയിൽ ചട്ടി പതിനെട്ടു ചട്ടി ?

ഉ. തെങ്ങിൻ പട്ട.

4.കൈയുണ്ട്, മെയ്യുണ്ട് , തലയില്ല ,കാലില്ല ?

ഉ.ഷർട്ട് .

5. മണ്ണിനുള്ളിൽ ചിറ്റുരുളി ?

ഉ . ചേന.

6 . കണ്ടാൽ മുണ്ടൻ , കാര്യത്തിനു വമ്പൻ ?

ഉ. കുരുമുളക്.

7. ഓട്ടം കുതിര ചാട്ടം കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര ?

ഉ. ചെരുപ്പ്.

8. ഞെട്ടില്ല വട്ടെല്ലാ?

ഉ. പപ്പടം.

9. ആരും പോകാൻ ആഗ്രഹിക്കാത്ത അറ ?

ഉ. കല്ലറ.

10.ആരും കാണാൻ ആഗ്രഹിക്കത്ത മാവ് ?

ഉ. ആത്മാവ്.

ജീനാ ജോണി

9A

# കുട്ടിത്തം

കെ. വിഷ്ണുനാരായണൻ

ഉറങ്ങാൻ പോകും മുൻപേ
കഥ കേൾക്കുവാൻ മോഹം
ദേവദത്തനെത്തുന്നു
കഥയിൽ വിലയിക്കാൻ
മുത്തച്ഛാ ബാക്കി കഥ
രാമായണം വേഗം
താളത്തിൽ മുറുകവേ
സംശയം കീറാമുട്ടി
അക്ഷരം പഠിക്കാതെ
നാട്ടുചുറ്റുവാനെന്തേ
ലക്ഷ്മണൻ മടിയനോ
പറയാനാളില്ലന്നോ
അപ്രതീക്ഷിത ചോദ്യം
മുത്തച്ചൻ പകച്ചുപോയെങ്കിലും
മറുപടി
മന്ദസ്മിതത്തോടൊപ്പം
ഒൻപതു ബി.യിലൊരു
വെക്കേഷൻ കാലത്തത്രേ
ലക്ഷ്മണൻ വരുന്നതു
കാടു തൊട്ടറിയുവാൻ
മുൻപീലി ശ്രീരാമേട്ടൻ
മദ്ധ്യത്തിലേടത്തിയും
എന്നിട്ടും കളഞ്ഞുപോയ്
കാട്ടിലും കളവുകൾ
പെട്ടെന്നുത്തരം വേണം,
കുട്ടിത്തം തണക്കുവാൻ
തിരുത്താം, വീണ്ടും കാലം
നമ്മളോടൊപ്പം കൂട്ടായ്

**Sangeetha L S**
**9 B**

## എന്റെ വിദ്യാലയം

**തിങ്കളും താരങ്ങളും തുവള്ളി കതിർചിന്നും**
**തുങ്കമാം വാനിൻ ചോട്ടിൽ ആണെന്റെ വിദ്യാലയം**

**ഇന്നലെക്കണ്ണീർ വാർത്തു കരഞ്ഞക്കരിവാന-**
**മിന്നിതാചിരിക്കുന്നു പാലൊളിചിതറുന്നു**

**മുൾച്ചെടി തലപ്പത്തും പുഞ്ചിരിവിരിയാറു-**
**ണ്ടച്ചെറുപൂന്തോപ്പിലെ പനിനീരുരയ്ക്കുന്നു**
**മധുവിൻമത്താൽപ്പാറി മൂളുന്നുമധുപങ്ങൾ**
**മധുരമീജീവിതം ചെറുതാണെന്നാകിലും**
**പരതർക്കഷ്ടപ്പാടു പേറുമാക്കല്ലത്താണി**
**പറയൂമഹതത്ത്വം പരസേവനംകാര്യം**
**ആരെല്ലെൻ ഗുരുനാഥ രാരെല്ലെൻ ഗുരുനാഥർ**
**പാരിതിലെല്ലാമെന്നെ പഠിപ്പിക്കുന്നുണ്ടെന്തോ**

**Ancy T M**

**9 B**



# മധ്യമാർഗം

ചുരുട്ടാതെപോയ മുഷ്ടിയിൽ
ചുറ്റിപ്പിണഞ്ഞ് കിടപ്പുണ്ട്
തിളയ്ക്കാതെപോയ രോഷം
ഇരുന്നിരുന്ന്
തെരുത്ത് പോയ കാലിൽ
നീരുപോൽ
ഉറഞ്ഞ് കിടപ്പുണ്ട്
താണ്ടാതെ പോയ ദൂരം
ചൂണ്ടാതെ പോയ വിരലിൽ
തലകുനിച്ച് നിപ്പുണ്ട്
കണ്ണടച്ച ചില താക്കീതുകൾ
വിയർക്കാത്ത നെറ്റിയിൽ
ഫെയ്സ് ക്രീമുപോലെ
വിളറിവെളുത്ത് കിടപ്പുണ്ട്
കൊള്ളാതെപോയ വെയിൽ
കണ്ണിലും
കരളിലും
കല്ലിച്ചു കിടപ്പുണ്ട്
പറയാതെപോയ ഇഷ്ടങ്ങൾ
തുറക്കാതെ വച്ച
നിലവറയിൽ
കൊടികൾക്കൊപ്പം
തരംപോലെ എടുത്തണിയാനായി
അരുമയോടെ
അലക്കി മടക്കി വച്ചിട്ടുണ്ട്
കുടുമയും കുറിയും
കൊന്തയും കുരിശും
തൊപ്പിയും തട്ടവും.
അതുവരേക്കും
കൊറിച്ചിരിക്കാനായ്
ഉവാത്ത കണ്ണീരിന്റെ
ചിലഗൃഹാതുര റസിപ്പികൾ
ഓവനിൽ വേവുന്നുണ്ട്.

*Vandana.S.kumar*
**9 B**

# ശാസ്ത്രം രക്ഷകനോ? ശിക്ഷകനോ?

ശാസ്ത്രപുരോഗതിയിൽ ഊറ്റം കൊള്ളുന്ന ഈ ആധുനികയുഗം പ്രപഞ്ചശക്തികളുടെ താണ്ഡവത്തിൽ പകച്ചു നിൽക്കുമ്പോൾ ഒരു നിമിഷം ചിന്തിച്ചു പോകുന്നു. ഈ ശാസ്ത്രീയ നേട്ടങ്ങൾ എന്തിനു വേണ്ടിയായിരുന്നു? മാനവകുലത്തിന്റെ നാശത്തിനു വേണ്ടിയോ?

ഇന്ന് ശാസ്ത്രം കൈയ്യൊപ്പ് വയ്യ്ക്കാത്ത ഒരു മേഖലയും ഇല്ല. ഒരു വിരൽത്തുമ്പിൽ എല്ലാം ഒതുങ്ങുന്നു. എന്നാൽ ആ വിരൽത്തുമ്പ് തന്നെ യുവജനതയെ ചുട്ടു ചാമ്പലാക്കുന്നു യാതൊരു ധാർമ്മികതയും ഇല്ലാത്ത യുവജനതയ്ക്ക് ജന്മം നൽകി മുന്നോട്ട് തള്ളുന്നു.

കൃഷിയിൽ ഇന്ന് വിപ്ലവം നടന്നു കൊണ്ടിരിക്കുന്നു. രാസവളപ്രയോഗത്തിലൂടെയും നൂതനകൃഷിയായുധങ്ങളിലൂടെയും ഏറ്റവും നല്ല വിളവ് നൽകികൊണ്ടിരുന്ന കൃഷിരംഗം ഒരു തിരിച്ചുനടപ്പിന് തയ്യാറായിനിൽക്കുകയാ. കാരണം, വിഷമില്ലാത്ത കാർഷികോൽപ്പന്നവും ഇന്ന് ഭൂമിയിലില്ല എന്നതുതന്നെ. അതിനാൽ ചിന്താശീലരായ ജനം ജൈവകൃഷിയിലേക്ക് മടങ്ങി എന്നു തന്നെ പറയാം.

# അന്തരീക്ഷമലിനീകരണം ഒരു ചിന്ത!

ശാസ്ത്രത്തിന്റെ നേട്ടം എന്ന് കരുതിയ പ്ലാസ്ററിക്ക് ഇന്ന് എറ്റവും വലിയ വില്ലനായി മാറി. പ്ലാസ്ററിക്ക് ഉൽപ്പന്നം ഉണ്ടാക്കുമ്പോൾ വനം സംരക്ഷിക്കപ്പെടുന്നു- പ്രകൃതി സംരക്ഷിക്കപ്പെടുന്നു എന്ന ആശയം മറക്കുന്നില്ല. എന്നാൽ അതിനെക്കാൾ രൂക്ഷമാണ് പ്ലാസ്ററിക്ക് മാലിന്യം. ഇന്നത്തെ ഈ കാലാവസ്ഥവ്യതിയാനത്തിന്- ഓസോൺപാളിയെ തകർക്കുന്നതിന് ഒരു മുഖ്യ പങ്ക് വഹിച്ചത് പ്ലാസ്ററിക്ക് ഉത്പന്നം കത്തിച്ചപ്പോൾ ഉണ്ടായ CFC. Computer-internet സൗകര്യങ്ങൾ ആയപ്പോൾ വളരുന്ന തലമുറയുടെ ചിന്താശക്തി അദ്ധ്വാനിക്കുവാനുള്ള കഴിവ് ഇവയ്ക്ക് തുരങ്കം വച്ചിരിക്കുന്നു. കുട്ടികൾ ചിന്തിക്കാതെ തന്നെ അവർക്കു നൽകുന്ന വർക്കുകൾക്ക് പരിഹാരം കണ്ടെത്തുവാൻ Computer സഹായിക്കുന്നത്ത് കുട്ടികളുടെ നിലവാര തകർച്ചയ്ക്ക് കാരണമാകില്ലേ?

എന്നാലും വൈദ്യാശാസ്ത്രരംഗത്തും, തൊഴിൽ മേഖലയിലും, വിദ്യാഭ്യാസരംഗത്തും, ആകാശവീഥിയിലും ശാസ്ത്രപുരോഗതിയെ നമ്മുക്ക് അവഗണിച്ചുകൂടാ. പ്രഞ്ചശക്തി ശിക്ഷകനോ ആക്കുന്നത് ഒരോരുത്തരും അല്ലേ- ചിന്തിക്കു! വിവേകത്തോടെ പെരുമാറുവാൻ പഠിക്കു! ശാസ്ത്രത്തോടൊപ്പം നടക്കുവാൻ തീരുമാനിക്കു !

മേഘ ഫിലിപ്പ്

9 A

# മൗനം കനക്കുമ്പോൾ

*വല്ലാത്ത മൂർച്ഛയാണ്*
*ആ നിശ്ശബ്ദതയ്ക്ക്.*
*മനസ്സിനെ കറുപ്പിച്ച്,*
*കാഴ്ചകളെയെല്ലാം*
*മൂടികളയുമത്.*
*ഉദയസൂര്യപ്രഭയും*
*കിളികൊഞ്ചലും*
*കുസുമസൗരഭവും*
*അപഹരിച്ചുകളയുമത്.*
*നക്ഷത്രകുഞ്ഞുങ്ങളെയും*
*പൗർണമിച്ചന്ദ്രികയെയും*
*കവർന്നെടുക്കുമത്.*
*അസ്തമയകാന്തിയിൽ*
*മുങ്ങിക്കുളിക്കുന്ന*
*മേഘശകലങ്ങളെയും*
*കൂട്ടുതേടി പറക്കുന്ന*

*പറവജാലങ്ങളെയും*
*മായിച്ചുകളയുമത്.*
*അതേ, നിശബ്ദത*
*നിശീഥിനിയാണ്*
*നീലാകാശം പുണരുന്ന*
*നീലമലകളെമൂടുന്ന*
*അന്ധതമസ്സാണത് .*
*പലപ്പോഴും മൂർച്ഛയേറിയ മൗനം,*
*വെളിച്ചത്തിന്റെ വെള്ളിനൂലുകളെ*
*ഇരുട്ടിൽ താഴ്ത്തി*
*കിനാവുകളുടെ വർണ്ണച്ചിറകുകളെ*
*ചാമ്പലാക്കുന്നു.*

***Sivapriya.P***
***9B***

# സോക്രട്ടീസും ഭാര്യയും

സോക്രട്ടീസിനെലോകത്തെല്ലാവരും വളരെയധികം സ്നേഹിച്ചിരുന്നു.എന്നാൽ ഭാര്യയ്ക്ക് അദ്ദേഹത്തോട് വലിയ താൽ പര്യം ഇല്ലായിരുന്നു.സോക്രട്ടീസിന്റെ ഭാര്യയുമായി പൊരുത്തപ്പെടാൻ അദ്ദേഹത്തിന്റെ ശിഷ്യന്മാർക്കുപോലും കഴിഞ്ഞിരുന്നില്ല.ഭാര്യ എപ്പോഴും അദ്ദേഹത്തെ ചീത്തവിളിക്കുകയും വഴക്കുപറയുകയും ചെയ്തിരുന്നു.

ഒരു ദിവസം സോക്രട്ടീസ് ശിഷ്യരെ പഠിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു.പെട്ടന്ന് ഭാര്യയ്ക്ക് ദേഷ്യം ആളിക്കത്തി.അവർ ഇടിവെട്ടുന്ന ശബ്ദത്തിൽ അദ്ദേഹത്തെ ചീത്തവിളിച്ചു.സോക്രട്ടീസാകട്ടെ എല്ലാംകേട്ടുകൊണ്ട് തന്റെ ക്ലാസ്സ് തുടരുന്നു.ദേഷ്യം വന്ന ഭാര്യ ഒരുകുടം വെള്ളം കൊണ്ടുവന്ന് സോക്രട്ടീസിന്റെ തലയിൽ ഒഴിച്ചു.സോക്രട്ടീസ് എന്നിട്ടും ക്ഷമ കൈവിട്ടില്ല.ശാന്തനായി അദ്ദേഹം ശിഷ്യന്മാരോടുപറഞ്ഞു.

സാരമില്ല ഇടിവെട്ടിനുശേഷം മഴ ഉണ്ടാകുക സാധാരണമാണ്.

ജെസ്സ ജിജി

**9.A**

# ശാന്തി പർവം

നീലമിഴിക്കോണിൽ നീർപൊടിയും
മുഹൂർത്തമേതായിരുന്നു.
യാത്ര പറഞ്ഞകലുമ്പോഴാ
ഇനിയീ തീരമെൻ ജീവിതത്തിൽ
ഇലെന്നു പറഞ്ഞപ്പോഴാ
എന്തായിരുന്നു നിന്റെ ഭാവം.
കാമ്യമാം വഴി തേടി നാമിരുവരും
പിരിയവേ വേർപ്പാടിൻ വേദന
നിസ്സാരമല്ലെന്നു ഞാനറിഞ്ഞു.
ശാന്തി പർവ്വം തേടി ഞാൻ.
തിരികെയെത്തവെ നീ മാത്രമില്ല
നമ്മുടെ വനജ്യോത്സ്ന മാത്രം
വാടി നിന്നിരുന്നു.
നദി വീണ്ടും ശോഷിച്ചിരുന്നു.
വള്ളിക്കുടിലുണങ്ങി
മറ്റൊരു വസന്തത്തിൽ വിളിക്കായ്
കാതോർത്തു കിടന്നിരുന്നു
തിരിച്ചുപോകാതെ നിന്നെയോർത്തു
കാടാറും താണ്ടിയെത്തും നിൻ നറുനിലാ
പുഞ്ചിരിയിൽ കുളിച്ചു ഞാൻ.

ജിൽബി രാജു-9 A

# എന്റെ പ്രണയം



ഒരിക്കലും കാണാത്ത
കുയിലിന്റെ പാട്ടിനാൽ
കുയിലിനെ സ്നേഹിച്ച
കുഞ്ഞിനെ പോലെയെൻ
പ്രണയം..............
ഒരിക്കലും കാണാത്ത
പൂവിന്റെ സുഗന്ധത്താൽ
പൂവിനെ സ്നേഹിച്ച
കുട്ടിയെ പോലെയെൻ
പ്രണയം..............
തെന്നലിൻ കുളിർമയാൽ
കാറ്റിനെ സ്നേഹിച്ച
കുട്ടിയെ പോലെന്റെ
പ്രണയം..............
പ്രിയം കൊണ്ട് മാത്രം പ്രിയങ്കരമായൊരു
പ്രണയമാണിന്നെന്റെ
പ്രണയം...............

ജിൽബി രാജു
9.A

# എന്തിനായ്?

എന്തിനായ്  എന്തിനായ്
നീ വന്നുവെൻ മനസ്സിൽ
ശോകമൂകമാമെൻ മനസ്സിൽ
പൂക്കാത്തതാമെൻ മലർവനിയിൽ നീ.
എന്തിനായ് സ്നേഹം മലരായ് വിരിഞ്ഞു നീ.
മഴമേഘങ്ങൾപോലും മരണ്ഞൊരെൻ മരുഭൂമിയാം
ഹൃത്തടത്തിൽ നീയെന്തിനായ്
കരിമുകിലായ് ഒഴുകിയെത്തി.
വസന്തവും ശിശിരവും ഇനിയെനിക്കില്ലെന്നറിഞ്ഞിട്ടും
നീ എന്തിനായ് ഒരു കുളിർ തെന്നലായ് വന്നണഞ്ഞു.
ദുഃഖം നിറഞ്ഞൊരെൻ ചേതസ്സിൽ
നീ എന്തിനായ് സാന്ത്വനമേകാൻ വന്നു.
എനിക്കായ്........... സ്നേഹത്തിന്റെ തെളിമഴപോലെ
അറിയില്ലെനിക്കിന്നും അറിയില്ല..........
എന്തിനായ്.........എനിക്കായ്.

ജിൽബി രാജു
9.A

# മഹത് വചനങ്ങൾ

സൗഹൃദമാണ് നിങ്ങളുടെ ഏറ്റവും വലിയ
ദൗർബല്യമെങ്കിൽ നിങ്ങളാണ് ലോകത്തിലെ
ഏറ്റവും വലിയ ശക്തൻ.

## -എബ്രഹാം ലിങ്കൺ

നിങ്ങൾക്ക് ഒരു സൂര്യനെപോലെ
തിളങ്ങണമെങ്കിൽ ആദ്യം സൂര്യനെ പോലെ
കത്തി ജ്വലിക്കുക.

## -അബ്ദുൾ കലാം

പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക.

## -ഗാന്ധിജി

ഉണരുക, എഴുനേൽക്കുക,
ലക്ഷ്യം നേടും വരെ പ്രയത്നിക്കുക.

## -സ്വാമിവിവേകാനന്ദൻ

ആദിത്യ 9 A

# പല ചോദ്യങ്ങൾ ഒരുത്തരം

1. രാജ്യസഭാംഗങ്ങളുടെ കാലാവധി എത്ര.?

2.ജമ്മു കാശ്മീർ നിയമസഭയുടെ കാലാവധി എത്ര വർഷം.?

3. പോസ്റ്റൽ ഇൻഡക്സ് നമ്പർ കോഡിലെ അക്കങ്ങളുടെ എണ്ണം.?

4.തമിഴ് നാട്ടിൽ എത്ര അസംബ്ലി മണ്ഡലങ്ങൾ കൂടുന്നതാണ് ഒരു ലോകസഭ മണ്ഡലം.?

5. ഒന്നിനോടൊപ്പം എത്ര പൂജ്യങ്ങൾ ചേർത്താൽ ഒരു മില്ല്യണാകും.?

6. ഒരു പാതം എത്ര അടിയാണ്.?

**ഉത്തരം:6**

*ADITHYA 9 A*

## പഴഞ്ചൊല്ലുകൾ

1.അതിമോഹം കുടികെടുത്തും.

2.ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട.

3.കയ്യനേങ്ങിയാലേ വായനങ്ങു

4.കരയുന്ന കുഞ്ഞിനെ പാലുള്ളൂ.

5.കളയില്ലാത്ത നിളയില്ല



**അനീറ്റ തോമസ്സ് 9A**

# ***Friendship***



*A friend who's  always on time can have a friend who's always late ,a friends who's methodical can have a friends who never makes plane ,a friends who is serious minded can have afriend who is light hearted ,friends don't have to be alike they know how to enjoy their differences. this is true  friendship.*

*Friendship is the rainbow two hearts sharing with one feelings*

*love + sad + happy + truth + faith + secret + helping =  friendship*

*ASWATHY 9 A*

# സ്മരണ

സ്മരണയിലൂടെ ഞാൻ നടക്കവേ
ആരു നീ...............................
സ്നേഹിതാ ചൊല്ല നീ..............
എന്നിലെ നോവിലെ നോവായി

നീ മാറുമ്പോൾ അറിയാതെ
അറിയാതെ തേടുന്നുനിന്നെ ഞാൻ...........
എൻ കലാലയം നിറയുന്ന
ഈ ചെറുസ്മരണയിൽ
നിന്നിടം നോവായി മാറുന്നുവോ................
അതിലൂടെ നിന്നെകുറിച്ചുള്ള
സ്മരണകൾ.........
എന്നിലെ നോവായി മാറുന്നുവോ...............
ആരു നീ പനിനീർ  പുഷ്പമോ.......
വെറുമൊരു പാഴ്ജന്മമോ...........

അശ്വതി  9A

# കുസൃതിചോദ്യങ്ങളും  ഉത്തരങ്ങളും

1. ആരും ആഗ്രഹിക്കാത്ത പണം?

2. തലയിൽ കാൽ വെച്ച നടക്കുന്ന ജീവി?

3. വെള്ളത്തിൽ വീണാൽ നനയാത്ത വസ്തു

4. ആവശ്യമുള്ളപ്പോൾ വലിച്ചെറിയും. ആവശ്യം കഴിഞ്ഞാൽ സൂക്ഷിച്ചുവെക്കും?

5. തലകുത്തി നിന്നാൽ വലുതാകുന്നതാര് ?

6. ഇടത്തെ  കയ്യിനാൽ പിടിക്കാം.  വലത്തെ കയ്യിനാൽ പിടിക്കാനാകില്ല?

7. വെട്ടും തോറും നീളം കൂടുന്നതെന്തു?

8. നട്ടാൽ മുളക്കാത്ത പയർ?

9. വാഹനങ്ങളുമായി ബന്ധപ്പെട്ട നൃത്തരൂപം?

10. താമസിക്കാൻ പറ്റാതെ വീട്?

11. സ്ഥാനം മാറുമ്പോൾ പേര് മാറുന്ന വസ്തു?

12. സർക്കാർ ജീവനക്കാർക്ക് ഏറ്റവും ഇഷ്ടപ്പെട്ട ദിവസം?

13. ഏറ്റവും ചെറിയ പാലം?

14. ആണുങ്ങൾ വലത്തെ കയ്യിലും പെണ്ണുങ്ങൾ ഇടത്തെ കയ്യിലും വാച്ച് കെട്ടുന്നതെന്തിന്?

## ഉത്തരം

1.ആരോപണം 2. പേൻ 3. നിഴല്4.മീൻവല 5.ആറ് 6. വലത്തെ കൈമുട്ട്
7. വഴി 8. അമ്പയർ 9.ബ്രേക്ക് ഡാൻസ് 10.ചീവീട് 11.മുടി
12. അവധി  ദിവസം 13. മൂക്കിന്റെ പാലം 14. സമയം നോക്കാൻ

ഫേബ ജി

9A

# കാക്ക

കാക്കകളോട് അവന് വെറുപ്പായിരുന്നു. വൃത്തിഹീനമായി ആ ജന്തുവിനെ അവൻ എവിടെ കണ്ടാലും കല്ലെറിഞ്ഞോടിക്കുമായിരുന്നു. അവയുടെ ശബ്ദം അവന് അസഹനീയമായിരുന്നു.അവന്റ വലതു നെറ്റിയിലുള്ള ആ മുറിപ്പാട് എന്നും നീരസത്തെ വർദ്ധിച്ചു കൊണ്ടിരുന്നു . അവയെല്ലാം ചത്ത് ഒന്നു മണ്ണടിഞ്ഞിരുന്നെങ്കിൽ എന്നവൻ കൊതിച്ചു. എന്നാൽ ഇന്നു മണ്ണടിഞ്ഞത് അവന്റെ അച്ഛനായിരുന്നു .അന്ത്യകർമ്മങ്ങൾക്കു ശേഷം ബലിച്ചോറു കഴിക്കാൻ അവനിതാ കാക്കകളെ കൈകൊട്ടി വിളിച്ചു എന്നാല് ആ ബലിച്ചോറ് കഴിക്കാൻ ഒരു കാക്കയും വന്നില്ല. അവന്റെ മനസ്സ് വിഷമഭരിതമായിരുന്നു. കണ്ണുകൾ ചുമന്നു ഒടുവിൽ കണ്ണുനീർ ത്തുള്ളികൾ ആ ബലിച്ചോറിൽ ലയിച്ചുചേർന്നു.എന്നാൽ ഇന്നും അവൻ കാത്തിരിക്കുകയാണ് .ഒരു കാക്കയുടെ ആഗമനത്തിനായി, തന്റെ പിതാവിന്റെ മോക്ഷത്തിനായി.




അശ്വതി

**9A**

# കടങ്കഥകൾ

1.പാൽക്കടലിൽ ഞാവൽ പഴം
ഉത്തരം; പല്ല്

2.പാൽപ്പുഴയിൽ കരിമീൻ
ഉത്തരം; രാവും പകലും

3.മക്കളെക്കൊല്ലിത്തള്ള
ഉത്തരം ; നക്ഷത്രങ്ങൾ

4.ഇത്തിരി മുറ്റത്തഞ്ചു കാവൽക്കാർ
ഉത്തരം ; കയ് പക്ക

5.ഇത്തിരിക്കുട്ടൻ  നെല്ലിനു പോയി
ഉത്തരം ; അണ്ണാൻ

6.ഇവിടെ ഞെക്കിയാൽ അവിടെ കത്തും
ഉത്തരം  ;അപ്പൻതാടി

7.കറുത്ത പാറയ് ക്ക്  നാലു തൂൺ
ഉത്തരം  ;പേന

8.കാട്ടിലെ പുല്ലൻ വീട്ടിൽ
ഉത്തരം ; ചെണ്ട

9.കാറ്റത്തോട്ടും കുടവയറൻ
ഉത്തരം ; പുക

ഫേബ ജി
9A

# ഒറ്റവരി കഥകൾ

## ദാനം

ദാനം കിട്ടിയ പശുവിന്റെ വായിൽ എണ്ണാൻ

പല്ലൊന്നുമില്ലെന്നു തിരിച്ചറിഞ്ഞ കുഞ്ഞപ്പൻ ഞെട്ടി.

## പാട്ട്

ഹൃദയത്തിനുള്ളിൽ നിന്നും പാടിയ പാട്ടിന് നോവും

നാവിൻ തുമ്പിൽ നിന്നും പാടിയ പാട്ടിന്

കാശുമാണെനിക്കു കിട്ടിയത്.

## രസികൻ

മൃതപ്രായനായ എലിയെ തട്ടിക്കളിക്കുന്ന പൂച്ചയെ കണ്ട്

ഞങ്ങൾ രസിച്ചുനിന്നു.

## കാവൽനായ

ഒരായുസ്സു മുഴുവൻ കാവലാളായി നിന്ന വളർത്തുനായ

തന്നെ കൊല്ലാൻ തോക്കു ചൂണ്ടി നിൽക്കുന്ന യജമാനനു

മുന്നിൽ വാലാട്ടി നിന്നു.

അശ്വതി

9A

# നെല്ലിക്കാ ജാം

പഞ്ചസാര.... 200 ഗ്രാം

നെല്ലിക്ക .... 200 ഗ്രാം

## പാകം  ചെയ്യുന്ന വിധം

നെല്ലിക്ക മുറിച്ച്, കുരുനീക്കി , സ്റ്റീല്പാത്രത്തിലിട്ട് രണ്ടു കപ്പ് വെള്ളമൊഴിച്ച് തിളപ്പിക്കുക. വെള്ളം വറ്റുമ്പൊള് നെല്ലിക്ക വെന്ത് മൃദുവായിരിക്കും. നെല്ലിക്ക നന്നായി ഉടച്ച് പഞ്ചസാര ചേര്ത്ത് ചെറുതീയില് ഇളക്കി വറ്റിക്കുക . ജാമിന്റ പരുവത്തിലാകുമ്പൊള് വാങ്ങി വെയ്ക്കുക. തണുക്കുമ്പോള് കുപ്പിയിലാക്കി സൂക്ഷിക്കാം .

അക്സ റൈറ്റസ്
9A


# കാത്തിരിപ്പ്



കാത്തിരിപ്പേൻ
നിനക്കായ് കടുക്കുന്ന
ജീവിതത്തിന്റെ സൂര്യയാനത്തിൽ ഞാൻ
കാളി നിൽക്കുമീ ചൂടിൽ
നിലാവിന്റെ നേർത്ത തട്ടം
പകുത്തെത്തിട്ടും വരെ
ഓർമ്മതോറും കനച്ച ചോരച്ചാലിൽ
നീർവഴി തന്ന വേദനപ്പാടുകൾ
സന്ധിയില്ലാതെ വെന്ത് വീഴും.
കിനാപ്പച്ച മേഘ്യങ്ങൾ
കിതയ്ക്കുന്ന വർത്തമാനക്കടൽക്കോളുകൾ
പേര് പോലും തിരിക്കുന്നു നമ്മളെ
പേരിനിത്രയും വീറോ
വിരോധമോ?
നാളെ(?) ഓർക്കുകിൽ
തിട്ടമെഴാച്ചുഴിച്ചാല് കീറി
കൊളുത്തെറിഞ്ഞങ്ങനെ
അന്തമെഴാത്ത ഭയങ്ങളായ്
ചിന്തയിൽ സങ്കടങ്ങൾ തൻ
ആർത്തലപ്പങ്ങനെ................
കാത്തിരിപ്പേൻ
നിനക്കായ് കടുക്കുന്ന
ജീവിതത്തിന്റെ സൂര്യയാനത്തിൽ ഞാൻ.

ജിൽബി രാജു
**9A**


# മഞ്ഞുതുള്ളി



വിശുദ്ധിയുടെ
ഹൃദയത്തിൽനിന്ന്
അടർന്നുവീണ
വെളുത്ത രക്തം
എല്ലാ പൂക്കളെയും
പ്രണയത്തിലേക്ക്
വിളിച്ചുണർത്താൻ
ഉരുവംകൊണ്ടത്.....
മാനവദുഃഖത്തിൽ
അകംനൊന്ത്
മാലാഖമാർ
കരയുമ്പോൾ
ഇറ്റി വീഴുന്നത്.....

വൈഷ്ണവി.എം.ഡി
9A

# നിദ്ര



വെളിച്ചം മറയ്ക്കുന്ന നിശീഥിനി
നീ എന്റെ മിഴികളെ മറയ്ക്കുന്നുവോ
പുഞ്ചിരി തൂകും അരുണനെ നീയെന്റെ
കാഴ്ചയ്ക്കതീതമായി വില്കുന്നുവോ


പകൽ പോയി വെളിച്ചവും മങ്ങി നിൽക്കെ
താരകൾ തൂകും വിണ്ണിലായി
നുകരുമെൻ ചിത്തമാ മണിമുത്തുകൾ


വാർമതി ചൊരിയുന്ന പൂഞ്ചോലയിൽ
കുളിച്ചെത്തിടും രജനീ പുഷ്പങ്ങളേ.....
പറവകൾ തന്നുടെ അധരങ്ങൾ പൂട്ടി
ശാന്തമാം വിശ്വം രുചിച്ചിടുന്നു .

നാദങ്ങളേവം നിലച്ചു പോയി
നിലാ പുഷ്പങ്ങളെങ്ങും മയങ്ങിടുന്നു
രാത്രിതൻ മടിത്തട്ടിൽ ചാഞ്ഞിടുവാൻ
നേരമായി വേഗം മയങ്ങിടൂ നീ .

മനിജ . എം . ആർ
9A

# ഡിജിറ്റൽ അത്തപ്പൂക്കളങ്ങൾ







# നന്ദി

ഡിജിറ്റൽ സ്റ്റാർസ് എന്ന ഇ-മാഗസിന് കരുത്തും ബലവും നൽകാൻ
ഒത്തൊരുമയോടെ പ്രവർത്തിച്ച എല്ലാ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്കും,
ഞങ്ങൾക്ക് പിന്തുണ നൽകിയ അദ്ധ്യാപകർക്കും പ്രത്യേക
നന്ദി അറിയിച്ചു കൊള്ളുന്നു




**ഡിജിറ്റൽ മാഗസിൻ 2019 @ ഡി.കെ.എം.എച്ച്.എസ്**
**കോട്ടവട്ടം**

ശുഭം

# Little Kites

We Play* We Explore* We Learn*